## കമ്മ്യൂണിറ്റി കൗൺസിലറുടെ ഇടപെടൽ ശ്രദ്ധേയമായി
## വഴിയോരങ്ങളിൽ നിന്നും വീടിന്റെ തണലിലേക്ക്

വർഷങ്ങൾക്കു ശേഷം തങ്ങളുടെ ഉറ്റവരെ കണ്ട നാൽപ്പത്തൊമ്പതുകാരനായ സജീവിന്റെയും അമ്പത്തേഴുകാരനായ രാധാകൃഷ്ണന്റെയും കണ്ണുകൾ നിറഞ്ഞു. വർഷങ്ങൾക്കു മുമ്പ് വീടുവിട്ടിറങ്ങിയ, ഇനിയൊരിക്കലും തിരികെ വരില്ലെന്നോർത്ത പ്രിയപ്പെട്ടവരെ ബന്ധുക്കൾ ചേർത്തു പിടിച്ചപ്പോൾ അത് കണ്ടു നിന്നവരുടെയും കണ്ണും മനസും നിറച്ചു. തെരുവോരങ്ങളിൽ നിന്നും ഹരിപ്പാട് മലയം എൽ.പി സ്കൂളിൽ കൊറോണ ക്യാമ്പിൽ എത്തിച്ചവരെ വീടുകളിലേക്ക് തിരികെ കൊണ്ടു പോകാനായി ബന്ധുക്കൾ എത്തിയപ്പോഴായിരുന്നു ഹൃദയസ്പർശിയായ ഈ രംഗം. സജീവ് അഞ്ചു വർഷങ്ങൾക്കു ശേഷവും രാധാകൃഷ്ണൻ ഒമ്പതു വർഷങ്ങൾക്ക് ശേഷവുമാണ് തങ്ങളുടെ ഉറ്റവരെ നേരിൽ കാണുന്നത്.

ആലപ്പുഴ ജില്ലയിൽ കുടുംബശ്രീയുടെ കീഴിലുള്ള കമ്മ്യൂണിറ്റി കൗൺസിലറായ പ്രമീള മനോജിന്റെ പരിശ്രമങ്ങളുടെ ഫലമായാണ് ഇവരുവർക്കും വർഷങ്ങൾക്കു ശേഷം സ്വന്തം വീടണയാൻ വഴി തുറന്നത്. എല്ലാത്തിനും പിന്തുണ നൽകി നഗരസഭയും ആരോഗ്യ വകുപ്പ് അധികൃതരും പ്രമീളയ്ക്കൊപ്പം നിന്നു. ആലപ്പുഴ ചിങ്ങോലി സ്വദേശിയാണ് സജീവ്. രാധാകൃഷ്ണൻ ചെറുതന പഞ്ചായത്തിലെ ആയാപറമ്പ് സ്വദേശിയും. തെരുവോരങ്ങളിൽ നിന്നും നഗരസഭ കണ്ടെത്തി കൊറോണ ക്യാമ്പിലെത്തിച്ച പതിനെട്ടു പേരിൽ രണ്ടു പേർ. ഇവരെല്ലാം സ്വന്തമെന്നു പറയാൻ ആരോരുമില്ലാതെ ഇത്രയും കാലം തെരുവിൽ കഴിഞ്ഞിരുന്നവരാണ്. അവരിൽ ചിലർ സ്വന്തം പേരു പോലും മറന്നു പോയവരായിരുന്നു. അന്തിയുറങ്ങാൻ കടകൾ അടയ്ക്കും വരെ വഴിയോരങ്ങളിൽ മഴയെന്നോ മഞ്ഞെന്നോ ഇല്ലാതെ ഒരു പുതപ്പിന്റെ പോലും തുണയില്ലാതെ കഴിഞ്ഞിരുന്നവർ. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഹരിപ്പാട് നഗരസഭയുടെ നേതൃത്വത്തിൽ മലയം

എൽ.പി സ്കൂളിലെ കൊറോണ ക്യാമ്പുകളിലെത്തിച്ച പതിനെട്ട് മനുഷ്യജൻമങ്ങൾ. നഗരസഭയുടെ നേതൃത്വത്തിൽ ഇവർക്ക് ഭക്ഷണവും വൈദ്യസഹായവും ലഭ്യമാക്കിയിരുന്നു. അതോടൊപ്പം ഇവർക്കെല്ലാം മാനസിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി കൗൺസിലിങ്ങ് സേവനങ്ങൾ പ്രമീളയും ലഭ്യമാക്കി.

ഏപ്രിൽ 22 നാണ് നഗരസഭയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കൊറോണ ക്യാമ്പിന്റെ കോഓർഡിനേറ്ററും ഹെൽത്ത് ഇൻസ്പെക്ടറുമായ സുധീപ്.എസ് പ്രമീളയെ വിളിക്കുന്നത്. സാമൂഹ്യ അകലം പാലിക്കുന്നതിന്റെ ഭാഗമായി തെരുവിൽ അലഞ്ഞു തിരിഞ്ഞുനടന്നിരുന്ന 18 പേരെ മലയം സ്കൂളിൽ എത്തിച്ചിട്ടുണ്ട്. അവർക്കാവശ്യമായ കൗൺസിലിങ്ങ് നൽകണം. പിന്നെ ഒട്ടും അമാന്തിച്ചില്ല. കുടുംബശ്രീ ജില്ലാമിഷൻ അധികൃതരോട് കാര്യം പറഞ്ഞപ്പോൾ എത്രയും വേഗം അവിടെയെത്താനും ആവശ്യമായ പിന്തുണകൾ ലഭ്യമാക്കാനും അനുമതി. ഉടൻ തന്നെ ജില്ലാപോലീസ് മേധാവിയോട് അനുവാദം വാങ്ങി പ്രമീള സ്കൂളിലെത്തി.

അവിടെ കണ്ട കാഴ്ച ദയനീയമായിരുന്നു. കുളിച്ചിട്ട് ആഴ്ചകളായെന്നു തോന്നുന്ന രൂപം. പാറിപ്പറന്ന താടിയും മുടിയും. അഴുക്കുപുരണ്ട വസ്ത്രങ്ങൾ, കറ പിടിച്ച പല്ലുകൾ. പ്രതീക്ഷകളുടെ അവസാന തരിവെട്ടവും അണഞ്ഞ് ദൈന്യത നിറഞ്ഞ കണ്ണുകൾ. എല്ലാവരും അമ്പതു വയസിനു മേൽ പ്രായമുള്ളവർ. മറ്റുള്ളവർക്കു നേരെ അടച്ചു പൂട്ടിയ മനസിന്റെ വാതിൽ. ഇവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് ആരോഗ്യ വകുപ്പ് അധികൃതർ കമ്മ്യൂണിറ്റി കൗൺസിലിങ്ങ് സേവനങ്ങൾ നൽകുന്ന പ്രമീളയുടെ സഹായം അഭ്യർത്ഥിച്ചത്. ആദ്യമൊന്നും അവർ പ്രമീളയുടെ ചോദ്യങ്ങൾക്കൊന്നും മറുപടി പറയാൻ തയ്യാറായില്ല. എല്ലാവരും അവരുടെ ഇരിപ്പിടങ്ങളിൽ തന്നെ ഇരുന്നു. ചിലരാകട്ടെ, താഴേക്ക് നോക്കിയിരുന്നതല്ലാതെ മുഖമുയർത്തിയതേയില്ല. അപ്പോൾ പ്രമീള ഒരു

രാജകുമാരന്റെ  കഥ പറയാൻ ആരംഭിച്ചു. പതുക്കെ അതിലെ കഥാപാത്രങ്ങളുടെ സ്ഥാനത്ത്  അവരെ ഓരോരുത്തരെയായി  പറഞ്ഞു തുടങ്ങി. ക്രമേണ അവർ പ്രമീളയുടെ  ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു തുടങ്ങി. ഉച്ചയ്ക്ക്  ഭക്ഷണവുമായി നഗരസഭയുടെ വാഹനം  എത്തിയപ്പോൾ എല്ലാവരും ഓടിപ്പോയി ഭക്ഷണം കഴിച്ചിട്ട് വീണ്ടും തങ്ങളുടെ ഇരിപ്പിടങ്ങളിൽ വന്നിരുന്നു. അതിനു ശേഷം ഓരോരുത്താരായി പ്രമീളയുടെ അടുത്തു വന്ന് തങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മുഴുവൻ പറഞ്ഞു കൊടുത്തു.

ബധിരനും മൂകനുമായ അറുമുഖൻ. ഭാര്യ 20 വർഷം മുമ്പു മരിച്ചു. ആണും പെണ്ണുമായി രണ്ടു മക്കൾ. മകളെ മദിരാശിയിലുള്ള ഒരാൾക്ക് വിവാഹം ചെയ്തു  കൊടുത്തു. മകന്റെ വിവാഹശേഷം അറുമുഖന് സ്വന്തം വീട്ടിൽ  വളരെയധികം പ്രയാസങ്ങൾ നേരിടേണ്ടി വന്നു. അങ്ങനെ വീട്ടിൽ നിന്നിറങ്ങിയതാണ്. കഴിഞ്ഞ 9 വർഷമായി ഹരിപ്പാട് അലഞ്ഞു തിരിഞ്ഞു ജീവിക്കുന്നു. അപ്പോഴാണ് യാദൃശ്ചികമായി കൊറോണ ക്യാമ്പിലെത്തിയത്. ഭോപ്പാലിൽ ജനിച്ച രാധാകൃഷ്ണപിള്ളയുടെ കഥയും വ്യത്യസ്തമല്ല. മലയാളികളായിരുന്നു മാതാപിതാക്കൾ. അവരുടെ മരണശേഷം നാട്ടിലേക്ക് വന്നപ്പോൾ വീടും വസ്തുക്കളും ബന്ധുക്കൾ കൈയ്യേറി. ഇപ്പോൾ 22 വർഷമായി ഹരിപ്പാടിലെ കടത്തിണ്ണകളിലാണ് ഉറക്കം. കൂടാതെ മദ്യത്തിന്റെ ലോകത്ത് മുങ്ങിത്താണ നാളുകളിൽ ഭാര്യ പിണങ്ങിപ്പോയപ്പോൾ 19 വർഷം മുമ്പ് വീടു വിട്ടിറങ്ങിയ ബാലചന്ദ്രൻ.  ഇവരെല്ലാവരും ഇപ്പോൾ  ക്യാമ്പിൽ സുഖമായി കഴിയുന്നു.

നഗരസഭ കണ്ടെത്തിയവരിൽ ഉണ്ടായിരുന്ന മൂന്നു സ്ത്രീകളെ ചെറുതന പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗാന്ധി ഭവനിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്. മലയം സ്കൂൾ ക്യാമ്പിൽ കഴിയുന്ന ബാക്കിയുള്ളവരുടെ വിവരങ്ങൾ ലഭിച്ചെങ്കിലും  അവരുടെ ബന്ധുക്കളുടെ ഫോൺ നമ്പർ ലഭിക്കാനായിരുന്നു പ്രയാസം. ഉടൻ തന്നെ ഇവരെയും

ബന്ധുക്കളെയും സംബന്ധിച്ച എല്ലാ വിവരങ്ങളും അതത് ജില്ലകളിലെ സി.ഡി.എസുകൾക്ക് കൈമാറി. പിന്നീട് അയൽക്കൂട്ടതലത്തിൽ ഈ സന്ദേശം എത്തിക്കുകയും ഇവരുടെ ബന്ധുക്കളുടെ ഫോൺ നമ്പരുകൾ ശേഖരിക്കുകയും ചെയ്തു. അതിനു ശേഷം പ്രമീള നേരിട്ട് സജീവിന്റെയും രാധാകൃഷ്ണന്റെയും മക്കളെയും മറ്റു ബന്ധുക്കളെയും വിളിച്ച് കാര്യങ്ങൾ സംസാരിച്ചതോടെയാണ് അവർ വന്ന് ഇരുവരെയും വീടുകളിലേക്ക് കൂട്ടിക്കൊണ്ടു പോയത്. ക്യാമ്പിൽ കഴിയുന്ന മൂന്നു പേരെ കൂടി ഇത്തരത്തില് അവരുടെ കുടുംബാംഗങ്ങളുമായും ബന്ധുക്കളുമായും സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ കൂട്ടിക്കൊണ്ടു പോകാൻ വരാമെന്നേറ്റിട്ടുണ്ട്. ലോക്ക് ഡൗൺ കാലത്ത് മദ്യവും മറ്റ് ലഹരി പദാർത്ഥങ്ങളും കിട്ടാതായതോടെ ഇവരിൽ പലർക്കും അതിൽ നിന്നും വളരെ നല്ല രീതിയിൽ വിമുക്തി നേടാനും കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ പലരും തങ്ങളുടെ വീടുകളിലേക്ക് തിരികെ പോകാൻ ആഗ്രഹിക്കുന്നു. ഇത്തരത്തിൽ ഇവർക്കെല്ലാം ഒരു മാനസിക പരിവർത്തനം വന്ന സാഹചര്യത്തിൽ അത് പരമാവധി ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് പ്രമീളയുടെ ശ്രമം.

ക്യാമ്പിൽ കഴിയുന്നവരുടെ സുഖവിവരങ്ങൾ അന്വേഷിക്കാൻ നഗരസഭയും ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരും പ്രമീളയും എല്ലാ ദിവസവും എത്തുന്നു. എല്ലാവരും നല്ല വൃത്തിയിലും വെടിപ്പിലുമാണ് ക്യാമ്പിൽ കഴിയുന്നത്. തെരുവിൽ ആരുമില്ലാതെ അലഞ്ഞുതിരിഞ്ഞ തങ്ങൾക്കും ആവശ്യമായ കരുതൽ നൽകാനും ആളുണ്ടായതിൽ സന്തോഷിക്കുകയാണ് ഇവരെല്ലാം.